# സുരക്ഷിതകേരളം -ട്രാൻസ്ജിൻഡർ സുഹൃത്തുക്കൾക്കായി
# ദുരന്തനിവാരണ പരിശീലനപരിപാടി

സംസ്ഥാന ദുരന്തനിവാരണഅതോറിറ്റി

ജില്ലാ ദുരന്തനിവാരണഅതോറിറ്റി,മലപ്പുറം

## സുരക്ഷിതകേരളം - ട്രാൻസ്ജിൻഡർ സുഹൃത്തുക്കൾക്കായി ദുരന്തനിവാരണ പരിശീലന പരിപാടി

കേരള സംസ്ഥാനം ഒരു ബഹുമുഖദുരന്തസാധ്യതാ പ്രദേശമാണ്. ജനകീയ പങ്കാളിത്തത്തോടു കൂടിയുള്ള ദുരന്തനിവാരണപ്രവർത്തനങ്ങൾക്കാണ് നമ്മൾ ഊന്നൽ കൊടുത്തു മുന്നേറിക്കൊണ്ടിരിക്കുന്നത് .ഒരു പ്രദേശത്തിന്റെ കാലാവസ്ഥയും ഭൂപ്രകൃതിയും ജനസാന്ദ്രതയുമാണ് പ്രകൃതിദുരന്തസാധ്യതയ്ക്ക് ആധാരമായ ഘടകങ്ങളായി പരിഗണിക്കുന്നത്. സുസ്ഥിരതയെ തുണയ്ക്കാത്ത ഭൂവിനിയോഗം, വാസയോഗ്യമാണെന്ന് വിശ്വസിക്കുന്ന ഇടങ്ങളിലേക്കുള്ള കുടിയേറ്റം, ആഗോള കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രാദേശികതലത്തിലെ പ്രകടമായ വെളിപ്പെടലുകൾ എന്നിവയിലൂടെ കേരളം നാൾക്കുനാൾ പ്രകൃതിദുരന്ത സാധ്യതയുള്ള പ്രദേശമായി മാറിക്കഴിഞ്ഞു. ഇന്ത്യയിലെ മറ്റേതൊരു പ്രദേശത്തേക്കാളും അതിജീവന ശക്തിയുള്ള ജനതയാണ് കേരളജനത. തുടർച്ചയായി രണ്ട് വർഷങ്ങളിലുണ്ടായ പ്രളയത്തെ കേരളജനത ഒറ്റക്കെട്ടായാണ് നേരിട്ടത്. കേരളത്തിലെ ജനതയുടെ കൂട്ടായ്മയാണ് പ്രളയാനന്തര കേരളത്തിൽ പ്രകടമായത്.

ഒരു ദുരന്തത്തിന്റെ എല്ലാ മേഖലകളിലും പൊതുജന പങ്കാളിത്തം വളരെ പ്രധാനപ്പെട്ടതാണ് . അതാത് പ്രദേശത്തെ ജനങ്ങളുടെ അറിവിനെയും കഴിവിനെയും കൂട്ടിയിണക്കിയ ശാസ്ത്രീയ രീതിയിലുള്ള സാമൂഹ്യാധിഷ്ഠിതമായ ദുരന്തസാധ്യതാ നിവാരണ പ്രവർത്തനങ്ങളിലൂടെ മാത്രമേ സാധിക്കുകയുള്ളു. അതിനു വേണ്ടി വികേന്ദ്രീകൃത ആസൂത്രണത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള സുസ്ഥിര ദുരന്തനിവാരണ പ്രവർത്തങ്ങൾക്കാണ് സംസ്ഥാനദുരന്തനിവാരണഅതോറിറ്റി പ്രാധാന്യം നൽകുന്നത്

മലപ്പുറം ജില്ലാ ദുരന്തനിവാരണഅതോറിറ്റി ദുരന്തനിവാരണപ്രവർത്തനങ്ങളുടെ എല്ലാ മൂല്യങ്ങളും ഉൾക്കൊണ്ടുകൊണ്ട് സാമൂഹികാധിഷ്ഠിത ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകൊണ്ട് ജില്ലയിലെ ട്രാൻസ്ജിൻഡർ സുഹൃത്തുക്കളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു പരിശീലനപരിപാടി സംഘടിപ്പിച്ചു.

കേരളത്തിൽ നിലവിലെ കണക്കനുസരിച് 25000 ത്തിലധികം റജിസ്റ്റർ ചെയ്ത LGQBT സുഹൃത്തുക്കൾ ഉണ്ട് . സമൂഹത്തിലെ പലമേഖലകളിയും തങ്ങളുടേതായ വ്യക്തിമുദ്രകൾ പതിപ്പിച്ചിട്ടുള്ളവരാണ് ഇവരിലേറെയും.

എന്നാൽ ദുരന്തസമയങ്ങളിൽ ഇവരുടെ പ്രശ്നങ്ങളും സാമൂഹിക ബുദ്ധിമുട്ടുകളും പരിഹരിക്കപ്പെടുന്നുണ്ടോ എന്ന ചിന്തയും ദുരന്തങ്ങളെ നേരിടാൻ ഇവരെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ

ദുരന്തനിവാരണ പ്രവർത്തങ്ങളായിരിക്കണം മുന്നോട്ടുള്ള പാതയിൽ നാം കാണേണ്ടത്.

മലപ്പുറം ജില്ലാദുരന്തനിവാരണ അതോറിറ്റി 2020 മാർച്ച് 5 ആം തീയ്യതി ജില്ലയിലെ ട്രാൻസ്ജിൻഡർ സുഹൃത്തുക്കൾക്കായി ദുരന്തനിവാരണത്തിൽ പരിശീലനപരിപാടി സംഘടിപ്പിക്കുകയുണ്ടായി.ദുരന്തങ്ങൾ എല്ലാവരെയും

ബാധിക്കുന്നത് ഒരേ രീതിയിലാണെന്ന ബോധ്യത്തിലൂടെയും പൊതുജനങ്ങളുടെ കൂടെ ചേർന്ന് കൊണ്ട് തന്നെ ദുരന്തനിവാരണപ്രവർത്തനങ്ങളുടെ മുഖ്യധാരയിലേക്ക് കൊണ്ടുവരണമെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് ഇത്തരത്തിലൊരു പരിപാടി ആസൂത്രണം ചെയ്തത്.50 ഓളം പേർ പങ്കെടുത്തപരിപാടിയിൽ വളരെ ദുരന്തനിവാരണത്തിന്റെ നിലവിലെ സ്ഥിഗതികളും ഗവൺമെൻറ് സംവിധാനങ്ങളെകുറിച്ചും മലപ്പുറം ജില്ലാദുരന്തനിവാരണ അതോറിറ്റിയിലെ ഹസാർഡ് അനലിസ്റ്റ് അമൃത വിശദീകരിക്കുകയുണ്ടായി. തീപിടുത്തം , ഗ്യാസ് അപകടം, എന്നീ നിത്യജീവിതത്തിലുണ്ടാകുന്ന അപകടങ്ങളിൽ എന്തൊക്കെ സുരക്ഷിതമാർഗങ്ങളാണ് കൈക്കൊള്ളേണ്ടതെന്ന ഡെമോൺസ്ട്രേഷൻ നിലമ്പുർ ഫയർ ഓഫീസർ ശ്രീ ഗഫൂർ വിശദീകരിച്ചു.ഇതുകൂടാതെ ഫസ്റ്റ് എയ്ഡ് ,വെള്ളപ്പൊക്കസമയങ്ങളിൽ രക്ഷപ്പെടാനുള്ള ഉപകരണങ്ങളുടെ നിർമാണം, വെള്ളത്തിൽ വീണുള്ള അപകടങ്ങൾ തുടങ്ങിയവയെ എങ്ങനെ നേരിടാം എന്നതും പരിശീലകർക്ക് പരിചയപ്പെടുത്തുകയുണ്ടായി. വിശദമായ ചർച്ചകളും സംശയദൂരീകരണങ്ങളും പരിപാടിയിൽ നടന്നു. പങ്കെടുത്ത എല്ലാ അംഗങ്ങൾക്കും ജില്ലാകളക്ടർ ശ്രീ.ജാഫർ മലിക് IAS സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.









## പത്രകുറിപ്പുകളിലൂടെ



പത്തിൽ പതറാതിരിക്കാൻ

ജില്ലാ ദുരന്തനിവാരണ അതോറിറ്റി ട്രാൻസ്ജെൻഡേഴ്സിനായി നടത്തിയ പരിശീലനത്തിൽ കലക്ടർ ജാഫർ മലിക് വെള്ളപ്പൊക്ക രക്ഷാ ഉപകരണങ്ങൾ പരിചയപ്പെടുത്തുന്നു